ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:22.03.2025**

## പ്രധാനവാർത്തകൾ

1. ജലസംരക്ഷണത്തിനും സുസ്ഥിര വികസനം പ്രോത്സാഹിപ്പിക്കുന്നതിനും രാജ്യം പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

2. സംസ്ഥാനത്ത് ജനപങ്കാളിത്തത്തോടെ പഞ്ചായത്ത് തല പൊതു ഇട ശുചീകരണ പരിപാടിക്ക് തുടക്കമായി.

3. "ജലത്തെകുറിച്ച് അവബോധമുള്ളവരായിരിക്കുക" എന്ന പ്രമേയത്തിൽ ഇന്ന് ഭൗമ മണിക്കൂർ ആചരിക്കാൻ ഒരുങ്ങി രാജ്യം.

4. സെക്രട്ടേറിയറ്റിനു മുന്നിൽ അനിശ്ചിതകാല നിരാഹാര സമരം തുടർന്ന് ആശാ പ്രവർത്തകർ; ആശമാരുടെ ജീവിത പ്രശ്നത്തിന് പരിഹാരമുണ്ടാകണമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി.

5. സുപ്രീംകോടതി നിർദ്ദേശപ്രകാരം രൂപീകരിച്ച പുതിയ മേൽനോട്ടസമിതി മുല്ലപ്പെരിയാർ അണക്കെട്ട് സന്ദർശനം തുടരുന്നു.

RNU TVPM

*********************************************************

## പ്രധാനമന്ത്രി - ജലദിനം

ജലസംരക്ഷണത്തിനും സുസ്ഥിര വികസനം പ്രോത്സാഹിപ്പിക്കുന്നതിനും രാജ്യം പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ജലസംരക്ഷണത്തിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്ന വീഡിയോ അദ്ദേഹം സമൂഹമാധ്യമത്തിൽ പങ്കു വച്ചു. നാഗരികതകളുടെ ജീവനാഡിയായിരുന്ന ജലം ഭാവി തലമുറകൾക്കായി സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

**********************************

## ലോക ജലദിനം

ഇന്ന് ലോക ജലദിനം. ജലത്തിന്റെ പ്രാധാന്യത്തെ കുറിച്ചും ആഗോളതലത്തിൽ ജല ദൗർലഭ്യം മൂലം ഉണ്ടാകുന്ന പ്രതിസന്ധിയെ കുറിച്ചും അവബോധം വളർത്താനാണ് എല്ലാ വർഷവും മാർച്ച് 22ന് ലോകജലദിനം ആചരിക്കുന്നത്. ജീവൻ നിലനിർത്തുന്നതിലും ജലചക്രത്തിലും ഹിമാനികളുടെ നിർണായക പങ്ക് മുൻനിർത്തി, 'ഹിമാനി സംരക്ഷണം' എന്ന പ്രമേയത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചാണ് ഈ വർഷത്തെ ലോക ജലദിനം ആചരിക്കുന്നത്.

PNUTVPM

**********************************

## ഭൗമ മണിക്കൂർ ( ഇൻട്രോ )

പരിസ്ഥിതി സംരക്ഷണവും കാലാവസ്ഥാ വ്യതിയാനം തടയുന്നതും ലക്ഷ്യമിട്ട് വേൾഡ് വൈഡ് ഫണ്ട് ഫോർ നേച്ചർ ഇന്ത്യയുടെ നേതൃത്വത്തിൽ ഇന്ന് ഭൗമ മണിക്കൂർ ആചരിക്കുന്നു. രാത്രി 8.30 മുതൽ 9.30 വരെ വീടുകളിലേയും സ്ഥാപനങ്ങളിലേയും അത്യാവശ്യമല്ലാത്ത വൈദ്യുത വിളക്കുകൾ അണച്ചാണ് ആചരണം. എല്ലാ വർഷവും മാർച്ച്

മാസത്തിലെ അവസാന ശനിയാഴ്ചയാണ് ഭൗമ മണിക്കൂർ ആചരിക്കുന്നതെങ്കിലും ഇത്തവണ ലോക ജലദിനത്തോട് ഒപ്പമാണ് ഭൗമ മണിക്കൂർ ആചരിക്കുന്നത് എന്ന സവിശേഷതയുമുണ്ട്. 'ജലത്തെക്കുറിച്ച് അവബോധമുള്ളവരായിരിക്കുക" എന്നതാണ് ഈ വർഷത്തെ പ്രമേയം. ദിനാചരണത്തിന്റെ പ്രാധാന്യത്തെ കുറിച്ച് വേൾഡ് വൈഡ് ഫണ്ട് സീനിയർ എജുക്കേഷൻ ഓഫീസർ എ. കെ. ശിവകുമാർ ആകാശവാണി വാർത്തകളോട്...

(വോയിസ്...)

**********************************

## പൊതു ഇട ശുചീകരണ പരിപാടി

സംസ്ഥാനത്ത് പൊതു ഇട ശുചീകരണ പരിപാടിക്ക് തുടക്കമായി. ഇന്നും നാളെയും സംസ്ഥാന വ്യാപകമായി പഞ്ചായത്തുതല പൊതു ഇട ശുചീകരണ പരിപാടി സംഘടിപ്പിക്കും. മാലിന്യമുക്ത നവകേരളത്തിന്റെ തദ്ദേശസ്ഥാപനതല പ്രഖ്യാപനങ്ങൾ ഈ മാസം 30 ന് നടക്കുന്നതിന് മുന്നോടിയായാണ് പ്രവർത്തനം. പൊതുജനങ്ങളുടെ കൂടി സഹകരണത്തോടെ പഞ്ചായത്ത് തലത്തിൽ മെഗാ ശുചീകരണ പ്രവർത്തനമാണ് നടക്കുന്നത്.

PIU TVPM

**********************************

## മാലിന്യമുക്തം നവകേരളം പുരസ്കാരം

മാലിന്യമുക്തം നവകേരളം പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും മാതൃകാ വീടുകളും സ്ഥാപനങ്ങളും കണ്ടെത്തി പുരസ്കാരം നൽകുന്നു. വൃത്തിയുടേയും മാലിന്യസംസ്കരണ സംവിധാനങ്ങളുടേയും അടിസ്ഥാനത്തിൽ മികച്ച വാർഡ്, സ്ഥാപനം, റെസിഡന്റ്സ്

അസോസിയേഷൻ, വായനശാല, വിദ്യാലയം തുടങ്ങിയവയ്ക്കും പുരസ്കാരങ്ങൾ സമ്മാനിക്കും. അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനമായ മാർച്ച് 30ന് ശുചിത്വ പ്രഖ്യാപനവേളയിൽ പുരസ്കാരങ്ങൾ വിതരണം ചെയ്യും.

*********************************

## കാലിക്കറ്റ് സർവ്വകലാശാല - ഗവർണർ

കാലിക്കറ്റ് സർവകലാശാലയുടെ വാർഷിക സെനറ്റ് യോഗത്തിൽ ചാൻസലർ കൂടിയായ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പങ്കെടുക്കും. ലഹരിവിരുദ്ധ ക്യാമ്പസ് എന്ന ദൗത്യത്തിന്റെ പ്രചാരണാർഥം ചാൻസലർ സെനറ്റിനെ അഭിസംബോധന ചെയ്യും. വിദ്യാർഥികളിലും യുവതലമുറയിലും ലഹരി ഉപയോഗം പടരുന്ന സാഹചര്യത്തിലാണ് സർവകലാശാല ലഹരിവിരുദ്ധ പ്രചാരണ പ്രവർത്തനത്തിന് മുന്നിട്ടിറങ്ങുന്നത്.

RNU TVPM

*********************************

## വീണാ ജോർജ്ജ്

വയനാടും കാസർകോടും മെഡിക്കൽ കോളേജ് സ്ഥാപിക്കാനുള്ള ധനസഹായത്തിന് കേന്ദ്രത്തോട് വീണ്ടും ആവശ്യപ്പെട്ടതായി ആരോഗ്യമന്ത്രി വീണ ജോർജ്. സംസ്ഥാന മെഡിക്കൽ കൗൺസിൽ വയനാടിന് നൽകിയ 10 കോടി രൂപ വിനിയോഗിച്ച് മെഡിക്കൽ വിദ്യാഭ്യാസം ആരംഭിക്കാനുള്ള നടപടികൾ തുടങ്ങിയെന്നും മന്ത്രി പറഞ്ഞു.

*********************************

## വീണാ ജോർജ്ജ് - വയനാട്

വയനാട് വൈത്തിരി താലൂക്ക് ആശുപത്രിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ബ്ലോക്ക്, ഒ.പി.ഡി ട്രാൻസ്ഫോർമേഷൻ, നവീകരിച്ച പി.പി യൂണിറ്റ്, ലാബ് എന്നിവ ആരോഗ്യ മന്ത്രി

വീണാ ജോർജ് ഉദ്ഘാടനം ചെയ്യും. വയനാട് ഗവ മെഡിക്കൽ കോളേജിലെ സിക്കിൾ സെൽ യൂണിറ്റ് ഉദ്ഘാടനം, സിക്കിൾ സെൽ കാർഡ് വിതരണോദ്ഘാടനം എന്നിവയും മന്ത്രി നിർവഹിക്കും. ജില്ലയിലെ ആറ് കുടുംബാരോഗ്യ കേന്ദ്രങ്ങളും 55 ഹെൽത്ത് ആൻഡ് വെൽനസ് കേന്ദ്രങ്ങളും മന്ത്രി ഇന്ന് നാടിന് സമർപ്പിക്കും.

*********************************

## മണ്ഡലപുനർനിർണയ യോഗം

ലോക്സഭാ മണ്ഡല പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് തമിഴ്നാട് മുഖ്യമന്ത്രി എം.കെ സ്റ്റാലിന്റെ നേതൃത്വത്തിൽ ആദ്യ യോഗം ചെന്നൈയിൽ പുരോഗമിക്കുന്നു. മുഖ്യമന്ത്രി പിണറായി വിജയൻ, തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി തുടങ്ങിയവർ പങ്കെടുക്കുന്നുണ്ട്.

RNU TVPM

*********************************

## ഹരിത റെയിൽവേ സ്റ്റേഷൻ

സംസ്ഥാനത്തെ ആദ്യ ഹരിത റെയിൽവേ സ്റ്റേഷനായി കണ്ണൂർ കണ്ണപുരം റെയിൽവേ സ്റ്റേഷനെ പ്രഖ്യാപിക്കും. ഇന്ന് വൈകിട്ട് ജില്ലാ കളക്ടർ അരുൺ കെ വിജയൻ പ്രഖ്യാപനം നടത്തും. റെയിൽവേ സ്റ്റേഷൻ ശുചിത്വപൂർണമായി സൂക്ഷിക്കുന്നതിലും മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതിലും നടത്തിയ മാതൃകാപരമായ പ്രവർത്തനങ്ങൾ കണക്കിലെടുത്താണ് അംഗീകാരം.

*********************************

## മൻ കീ ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 30 ന്. പരിപാടിയുടെ 120-ാം പതിപ്പാണിത്. ആകാശവാണിയുടെയും

ദൂരദർശന്റെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും. പരിപാടിയിലേക്കുള്ള ജനങ്ങളുടെ ആശയങ്ങളും അഭിപ്രായങ്ങളും ഈ മാസം 28 വരെ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പർ, Narendra Modi App, MyGov Open Forum എന്നിവയിലൂടെ അറിയിക്കാവുന്നതാണ്.

*********************************

## ആശാ പ്രവർത്തകർ - നിരാഹാര സമരം

സെക്രട്ടേറിയറ്റിനു മുന്നിൽ അനിശ്ചിതകാല നിരാഹാര സമരം തുടർന്ന് ആശാ പ്രവർത്തകർ. മറ്റന്നാൾ ആശാ പ്രവർത്തകർ സെക്രട്ടറിയേറ്റിന് മുന്നിൽ കൂട്ട ഉപവാസമിരിക്കും. സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കൂട്ട ഉപവാസമിരിക്കുമെന്ന് കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ അറിയിച്ചു. അതേ സമയം ആശാ പ്രവർത്തകരുടെ രാപകൽ സമരം 41 ആം ദിവസത്തിലേക്ക് കടന്നു.

RNU TVPM

*********************************

## സുരേഷ് ഗോപി

സമരം ചെയ്യുന്ന ആശമാരുടെ ജീവിത പ്രശ്നത്തിന് പരിഹാരമുണ്ടാകണമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. ആരോഗ്യ മന്ത്രി വീണാ ജോർജിനെ വിമർശിക്കാനില്ലെന്നും, സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്താൽ ധൃതിയിൽ തീരുമാനം എടുക്കാൻ കഴിയില്ലെന്നും അദ്ദേഹം പറഞ്ഞു.

*********************************

## ചെന്നിത്തല ആശ സമരം

ആശാ പ്രവർത്തകരുടെ സമരം തകർക്കാൻ ശ്രമം നടക്കുന്നതായി മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല. കേന്ദ്രവും കേരളവും എത്രയുംവേഗം നടപടി സ്വീകരിക്കണമെന്നും മുഖ്യമന്ത്രി സമരക്കാരുമായി ചർച്ച നടത്താൻ തയ്യാറാകാത്തത് ശരിയല്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

**********************************

## മുല്ലപ്പെരിയാർ അണക്കെട്ട് സന്ദർശനം (ഇൻട്രോ)

മുല്ലപ്പെരിയാർ മേൽനോട്ടസമിതിയുടെ അണക്കെട്ട് പ്രദേശത്തെ സന്ദർശനം പുരോഗമിക്കുന്നു. സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം പുതിയ സമിതി രൂപീകരിച്ചതിനുശേഷം ആദ്യ സന്ദർശനമാണിത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**

**(വോയിസ്)**

RNU TVPM

**********************************

## ഇന്ത്യൻ പ്രീമിയർ ലീഗ്

ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിന്റെ 18-ാം സീസണ് ഇന്ന് തുടക്കം. ഉദ്ഘാടന മത്സരത്തിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സും, റോയൽ ചാലഞ്ചേഴ്സ് ബെംഗളൂരുവും ഏറ്റുമുട്ടും. കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ രാത്രി 7.30 നാണ് മത്സരം.

**********************************

## ഫാൻ പാർക്ക് - പാലക്കാട്

ഐ. പി. എൽ സീസണിന്റെ ഭാഗമായുള്ള ഫാൻ പാർക്കിന് പാലക്കാടും കൊച്ചിയും വേദിയാകും. കൊച്ചിയിൽ ഇന്നും നാളെയും ഫാൻ പാർക്കുകൾ സജീവമായിരിക്കും. 29, 30 തീയതികളിൽ നടക്കുന്ന മത്സരങ്ങളാണ് പാലക്കാട് കോട്ട മൈതാനത്ത് ഒരുക്കുന്ന ഫാൻ പാർക്കിലെ വലിയ സ്ക്രീനിൽ തത്സമയം പ്രദർശിപ്പിക്കുക.

**********************************

## കാലാവസ്ഥ

സംസ്ഥാനത്ത് ഇന്നും നാളെയും ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്നും മലപ്പുറം, വയനാട് ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രത നിർദേശം നൽകിയിട്ടുണ്ട്.

RNU TVPM

**********************************

## മലയിൻകീഴ് ആറാട്ട്

മലയിൻകീഴ് ശ്രീകൃഷ്ണ ക്ഷേത്രത്തിലെ ആറാട്ടിനോടനുബന്ധിച്ച് ചൊവ്വാഴ്ച പ്രാദേശിക അവധി പ്രഖ്യാപിച്ചു. മലയിൻകീഴ്, വിളവൂർക്കൽ, മാറനല്ലൂർ, വിളപ്പിൽ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ സർക്കാർ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധിയായിരിക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

**********************************

## മഹാമണ്ഡലേശ്വർ സ്വാമി

മഹാകുംഭമേളയിൽ മഹാമണ്ഡലേശ്വരായി അഭിഷിക്തനായ സ്വാമി ആനന്ദവനം ഭാരതി ശിവഗിരിയിൽ സന്ദർശനം നടത്തി. ശ്രീ നാരായണ ഗുരുവിന്റെ സമാധി സന്ദർശിച്ച അദ്ദേഹം പ്രാർത്ഥനകൾ അർപ്പിച്ചു.

**********************************

## മലപ്പുറം - വെടിവെപ്പ്

മലപ്പുറം പാണ്ടിക്കാട് ചെമ്പ്രശേരിയിൽ ഉത്സവത്തിനിടെ വെടിവെപ്പ്. അപകടത്തിൽ ചെമ്പ്രശേരി സ്വദേശി ലുക്മാന്റെ കഴുത്തിന് പരിക്കേറ്റു. ചീട്ട് കളിയുമായി ബന്ധപ്പെട്ടുണ്ടായ തർക്കമാണ് സംഘർഷത്തിൽ കലാശിച്ചത്.

**********************************

## പാലക്കാട് - റെയിൽവെ ഗേറ്റ്

പാലക്കാട് നഗരത്തിലെ റോബിൻസൺ റോഡ് റെയിൽവെ ഗേറ്റ് ഇന്ന് രാത്രി ഒമ്പതു മണി മുതൽ തിങ്കളാഴ്ച വൈകിട്ട് നാലു മണി വരെ അടച്ചിടുമെന്ന് റെയിൽവെ അസിസ്റ്റന്റ് ഡിവിഷണൽ എഞ്ചിനീയർ അറിയിച്ചു. വാഹനങ്ങൾ യാത്രയ്ക്കായി ഇംഗ്ലീഷ് ചർച്ച് റോഡ് ഉപയോഗപ്പെടുത്താവുന്നതാണ്.

RNU TVPM

**********************************

## സ്വർണവില

സ്വർണവില കുറഞ്ഞു. ഗ്രാമിന് 40 രൂപ കുറഞ്ഞ് 8,230 രൂപയും പവന് 65,840 രൂപയുമാണ് ഇന്നത്തെ വില.

**********************************

## കൊല്ലം - എംഡിഎംഎ

കൊല്ലത്ത് 50 ഗ്രാം MDMA യുമായി യുവതി പോലീസ് പിടിയിലായി. പെരിനാട് ഇടവട്ടം സ്വദേശി അനില രവീന്ദ്രനാണ് പിടിയിലായത്. മെഡിക്കൽ പരിശോധനക്കിടെ ഇവരിൽ നിന്ന് വീണ്ടും എംഡിഎംഎ പിടിച്ചെടുത്തു.

**********************************

## തൊടുപുഴ - ആളെ കാണാതായ സംഭവം

തൊഴുപുഴയിൽ നിന്നും കാണാതായ ചുങ്കം സ്വദേശി ബിജു ജോസഫിനെ കൊലപ്പെടുത്തിയതായി സംശയത്തിൽ പോലീസ് അന്വേഷണം ഊർജ്ജിതമാക്കി. ബിജുവിനെ കാണാനില്ലെന്ന് കാണിച്ച് ഭാര്യ പോലീസിൽ പരാതി നൽകിയിരുന്നു. ക്വട്ടേഷൻ സംഘാംഗങ്ങളെ ഉൾപ്പടെ കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്.

*

*******************

**********************************************

RNU TVPM